ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"ആത്മനിയോഗം"
(തിരുവചന ചിന്തകൾ)



MARCH
2024

CONTENTS

- **തിരുവചന ചിന്തകൾ** :
  "**ആത്മനിയോഗം** ". Page - 03

"ആത്മനിയോഗം"

തിരുവചന ചിന്തകൾ

ലൂക്കോസ് 2 : 25 – 35

25.**യെരൂശലേമിൽ ശിമ്യോൻ എന്നു പേരുള്ളൊരു മനുഷ്യൻ ഉണ്ടായിരുന്നു; ഈ മനുഷ്യൻ നീതിമാനും യിസ്രായേലിന്റെ ആശ്വാസത്തിന്നായി കാത്തിരിക്കുന്നവനും ആയിരുന്നു; പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു.**

26.**കർത്താവിന്റെ ക്രിസ്തുവിനെ കാണുംമുമ്പെ മരണം കാണ്കയില്ല എന്നു പരിശുദ്ധാത്മാവിനാൽ അവന്നു അരുളപ്പാടു ഉണ്ടായിരുന്നു.**

27. **അവൻ ആത്മനിയോഗത്താൽ ദൈവാലയത്തിൽ ചെന്നു. യേശു എന്ന പൈതലിന്നു വേണ്ടി ന്യായപ്രമാണത്തിന്റെ ചട്ടപ്രകാരം ചെയ്വാൻ അമ്മയപ്പന്മാർ അവനെ അകത്തു കൊണ്ടുചെന്നപ്പോൾ**

28.**അവൻ അവനെ കയ്യിൽ ഏന്തി ദൈവത്തെ പുകഴ്ത്തി:**

29.**"ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു.**

30.**ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി**

31.**നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ**

32.**എന്റെ കണ്ണു കണ്ടുവല്ലോ" എന്നു പറഞ്ഞു.**

33.**ഇങ്ങനെ അവനെക്കുറിച്ചു പറഞ്ഞതിൽ അവന്റെ അപ്പനും അമ്മയും ആശ്ചര്യപ്പെട്ടു.**

34.**പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ചു അവന്റെ അമ്മയായ മറിയയോടു: അനേകഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിന്നു ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചെയക്കും എഴുന്നേല്പിന്നും മറുത്തുപറയുന്ന അടയാളത്തിന്നുമായി വെച്ചിരിക്കുന്നു.**

35.**നിന്റെ സ്വന്തപ്രാണനിൽകൂടിയും ഒരു വാൾ കടക്കും എന്നു പറഞ്ഞു**

ഈ വേദഭാഗങ്ങൾ നാം പ്രസംഗത്തിലൂടെയും ബൈബിൾ വായനയിലൂടെയും മുന്പുതന്നേ പരിചയിച്ചവയാവാം. എന്നാൽ, ആത്മനിയോഗത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും നാം ചിന്തിക്കുമ്പോൾ ഒഴിച്ചുകൂടുവാൻകഴിയാത്ത ഒരു വചനഭാഗമാണ് 'യെരൂശലേമിലെ ശിമയോനെ'ക്കുറിച്ചുള്ളത്.

ബൈബിളിൽ ഉടനീളം പല പ്രവൃത്തികളാലും ദൈവത്തെ പ്രസിദ്ധമാക്കിയ / പ്രസംഗിച്ച / അനുഭവിച്ച /അനുസരിച്ച വ്യക്തിജീവിതങ്ങളെ നാം കാണുന്നുണ്ട്. എന്നാൽ ദൈവീക നിയോഗത്താലുള്ള ഒരു യാത്രയും ഒരു പ്രാർത്ഥനയുംകൊണ്ട് ദൈവത്തിന്റെ മഹത്വം അതിന്റെ പൂർണ്ണതയിൽ കൊണ്ടുവന്ന ശിമയോനെപ്പോലൊരു വ്യക്തിയുണ്ടോ എന്നത് സംശയമാണ്.

കാരണം ശിമെയോന്റെ ജീവിതത്തിലും ആ യാത്രയും പ്രാർത്ഥനയുംഅത്രതന്നെ വിലപിടിച്ചവയായിരുന്നു. നാമും ദിനംതോറും പ്രാർത്ഥിക്കാറുണ്ട് എന്നാൽ ശിമെയോനെപ്പോലെ ദൈവീക നിയോഗത്തിൽ പ്രാർത്ഥിക്കുമെങ്കിൽ നമ്മുടെയും പ്രാർത്ഥനയുടെയും തലങ്ങൾ സ്വർഗീയമായിത്തീരും.

നമ്മുടെദിനംതോറുമുള്ള പ്രാർത്ഥനകളിൽ എന്താണ് സംഭവിക്കുന്നത് ? പ്രാർത്ഥിച്ച വിഷയത്തിന്റെ മറുപടിയല്ല, ആ പ്രാർത്ഥനയിൽ സ്വർഗ്ഗീയതേജസ്സിന്റെ ഒരല്പമെങ്കിലും നാം അനുഭവിച്ചോ ? നമ്മുടെകൂടെ പ്രാർത്ഥിച്ചവർക്കു അതു അനുഭവവേദ്യമായോ ? ഇല്ലഎന്നാണ് ഉത്തരമെങ്കിൽ നമ്മുടെ പ്രാർത്ഥനനരീതികൾ മാറേണ്ടതായുണ്ട്.

പ്രാർത്ഥനഒരിക്കലും ഒരു ചുമട്ടുതൊഴിലാളിയുടെ ചുമടിനു സാദൃശ്യമല്ല. പ്രാർത്ഥന അനേകഗുണങ്ങളുള്ള ശുദ്ധജലം പോലെയാണ്.

ചുമട്ടുതൊഴിലാളിയെ സംബന്ധിച്ചിടത്തോളം ആ ചുമട് തനിക്കും സകലർക്കും ഒരു ഭാരമാണ്. രാവിലും പകളിലുമെല്ലാം അത് ഭാരം തന്നെയാണ്. സന്തോഷത്തോടെ ആ ഭാരത്തെ ചുമക്കുവാൻ ആരും വരികയില്ല. ഭാരത്തെ മറ്റു മാർഗങ്ങളാൽ മാറ്റിക്കളയുവാനോ തങ്ങളിൽനിന്നു നീക്കുവാനോ അവർ ശ്രമിച്ചുകൊണ്ടേയിരിക്കും. ഇപ്രകാരമൊരു ചുമടായി നമ്മുടെ പ്രാർത്ഥന മാറുവാൻ പാടില്ല. പ്രാർത്ഥന ആർക്കും ഒരു ചുമടായിത്തീരരുത്.

ശുദ്ധജലത്തിൽ നമ്മുടെ മുഖം കാണാമെന്നതുപോലെ പ്രാർത്ഥനയിൽ നമുക്കു നമ്മെത്തന്നെ കാണുവാൻ കഴിയും, നമ്മിലെ പൊടിപടലങ്ങളും അഴുക്കും കറകളും നാം പ്രാർത്ഥിക്കുന്ന പ്രാർത്ഥനയിൽ പ്രതിഫലിച്ചിരിക്കും.
ശുദ്ധജലം ജീവൻ നിലനിർത്തുവാൻ പര്യാപ്തമാണ്. അത് ദാഹിക്കുന്നവന് യഥാർത്ഥആശ്വാസം പ്രദാനം ചെയ്യുന്നു. അത് കുടിക്കുമ്പോൾ കുടിക്കുന്നവനു ആശ്വാസം ലഭിക്കുകയും ദാഹം അകലുകളെയും ചെയ്യും. ഇതുപോലെ നമ്മുടെ പ്രാർത്ഥനയിലും ഈ ആശ്വാസവും ദാഹശമനവും അനേകർക്കു ലഭിക്കേണ്ടതായുണ്ട്.
ശുദ്ധജലം മുഖത്തെയും ശരീരത്തെയും കഴുകുന്നതുപോലെ പ്രാർത്ഥനയാൽ ഒരു കഴുകൽ സംഭവിക്കേണ്ടതായുണ്ട്. ഏതൊരു അഴുക്കിനെയും തുടച്ചുനീക്കുന്ന ശക്തിയും പ്രാർത്ഥനയ്ക്കുണ്ടാവണം.

ഒരുമത്സ്യത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ആവാസവ്യവസ്ഥ ആ ശുദ്ധജലമാണ്. നമ്മുടെപ്രാർത്ഥന അപ്രകാരം അനേകർക്ക് ആത്മാവിൽ ജീവിക്കുവാനുള്ള ഇടമായിത്തീരണം.

ഈ ലോകത്തിൽ ശുദ്ധജലത്തിനു വിലകൊടുക്കേണ്ടതായുണ്ട്. കാരണം എല്ലാ ജലസ്രോതസ്സുകളും മലിനമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്, ശുദ്ധജലം എന്നത് അപൂർവവും വിലയേറിയതുമായിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ പ്രാർത്ഥനയും ഇപ്രകാരം മലിനതവിട്ടൊഴിഞ്ഞതും ദൈവത്തിനു വിലയേറിയതുമാകേണ്ടതായുണ്ട്.

വരും കാലങ്ങളിൽ ദൈവഹിതപ്രകാരമുള്ള, ആത്മനിയോഗത്താലുള്ള പ്രാർത്ഥയുടെ വില വർദ്ധിച്ചുകൊണ്ടേയിരിക്കും. അവയുടെ മൂല്യമറിയുന്നവർ അന്നാളുകളിൽ പ്രാർത്ഥയാൽ മാത്രം ജീവിക്കുകയും തീരുമാനങ്ങളെയും സ്വന്ത ജീവിതത്തെയും പ്രാർത്ഥനയാൽ പൊതിഞ്ഞുസൂക്ഷിക്കുകയും ചെയ്യും.

മധ്യവയസ്കരായ മാതാപിതാക്കളെനോക്കുക അവർ മക്കളുടെ ഭാവിജീവിതത്തെ പ്രാർത്ഥനയാൽ പൊതിയുവാൻ ആഗ്രഹിക്കുന്നവരാണ്. അവർ ഈ കാലഘട്ടത്തിലെ ബുദ്ധിമാന്മാരാണ്. ആ ബുദ്ധിയെന്നത് ലോകത്തിന്റെകണ്ണിൽ ഭോഷ്കും ദൈവത്തിന്റെസന്നിധിയിൽ ജ്ഞാനവുമായിരിക്കും. വരുംനാളുകളിൽ തലമുറകളെക്കുറിച്ചുള്ള ഈ ഭാരം ചിലരിൽനിന്നും എല്ലാവരിലേക്കും കൈമാറപ്പെടുകയും അപ്രകാരം സകല ക്രൈസ്തവ മാതാപിതാക്കളും പ്രാർത്ഥനാവീരരായി മാറുകയും ചെയ്യും

പ്രാർത്ഥനയുടെഈ വിലക്കയറ്റം എല്ലാവരെയും ബാധിക്കും. ക്രമേണ, ഈ പ്രാർത്ഥനയുടെ മഹത്വം ക്രൈസ്തവ ഭവനങ്ങളിൽനിന്നും ഹൈന്ദവ ഭവനങ്ങളിലേക്കും ചേക്കേറും. അവരിലും ഒരു വലിയ കൂട്ടം യേശുക്രിസ്തുവിനോടുള്ള ഈ പ്രാർത്ഥനയിൽ പങ്കുകാരാകും. ദൈവം ഇപ്രകാരം എല്ലാ ക്രൈസ്തവ ഭവനങ്ങളിലേക്കും അനേകരെ പ്രാർത്ഥന ലഭിക്കേണ്ടതിനായി അയക്കുകയും അവർ ജാതിയ മതിൽപൊളിച്ചുകൊണ്ടു പ്രാർത്ഥനയിൽ ഒരുമിക്കുകയും ചെയ്യും. "ഒന്നോ രണ്ടോ പേർ കൂടിവരുന്നിടത്തൊക്കെയും ." എന്ന് തുടങ്ങുന്ന ആ പഴയ പ്രാർത്ഥനരീതികൾ വീണ്ടും നമ്മുടെ പ്രിയ ഭവനങ്ങളിൽ കേട്ടുതുടങ്ങും.

പ്രാർത്ഥനയുടെ ഈ വില നിരത്തിൽ വാഹനമോടിക്കുന്നവരെയും സ്പർശിക്കും. അവർ കാലാവസ്ഥയുടെ വ്യതിയാനങ്ങളൊന്നും ഇല്ലാതെതന്നെ വിയർത്തുകൊണ്ടു പ്രാർത്ഥനയ്ക്കായി സ്വന്തനാവുകളെ ചലിപ്പിച്ചു തുടങ്ങും. കേരളത്തിൽ ഈ പ്രാർത്ഥന ഒരു ആത്മാവിന്റെ ചലനമായും അത് ക്രമേണ ആത്മീയഉണർവായും മാറും. സാമൂഹികമാധ്യമങ്ങൾ തുടക്കത്തിൽ ഇവയെ പരിഹസിക്കുകയും എന്നാൽചില മാസങ്ങൾക്കുശേഷം സാമൂഹികമാധ്യമങ്ങൾക്കു തടയുവാൻ കഴിയാത്തവണ്ണം പ്രാർത്ഥനയുടെ ശബ്ദം ചില പ്രശസ്തരുടെ വീടുകളിൽഉയരുകയും അങ്ങനെ ദൈവം ചില വാതിലുകൾ അടയാത്തവണ്ണം തുറക്കുകയും ചെയ്യും. ഈ പ്രാർത്ഥനയാൽ കാലാവസ്ഥയിൽമാറ്റം സംഭവിക്കുകയും അനേക രോഗസൗഖ്യങ്ങൾ എല്ലാസഭകളിലും ഉണ്ടാവുകയും ചെയ്യും. ഹൃദയം തടിച്ചുപോയവർ നിഷ്കളങ്കരായ കുഞ്ഞുങ്ങളെപ്പോലെ ഏങ്ങലടിച്ചു കരയുകയും അവർ ദൈവസ്നേഹത്താൽ സൗഖ്യമാവുകയുംചെയ്യും. ഏതാണ്ട് ഒന്നരവർഷം നീണ്ടുനിൽക്കുന്ന ഈ പ്രാർത്ഥനയുടെ അനുഭവംകേരളത്തെയും ഇന്ത്യയിലെ ചില സംസ്ഥാനങ്ങളെയും സ്പർശിക്കും.

വാക്യം 25.
യെരൂശലേമിലെശിമയോനെ നോക്കുക. അദ്ദേഹത്തിനു ദൈവത്തിന്റെ പരിശുദ്ധാത്മാവുകൊടുക്കുന്ന പേരുകൾ ശ്രദ്ധേയമാണ്.

1.യെരൂശലേമിലെ ശിമയോൻ: ജനം അദ്ദേഹത്തെ അറിഞ്ഞിരുന്നത് അപ്രകാരം..
2.നീതിമാൻ: ദൈവത്തിനും ജനത്തിനും മുന്പിൽ നീതിമാനായി ജീവിക്കുവാൻ തയ്യാറെടുത്തവൻ, അതിനായി പരിശ്രമിക്കുകയും ദൈവത്താൽ വിജയിക്കുകയും ചെയ്തവൻ.
3.യിസ്രായേലിന്റെ ആശ്വാസത്തിന്നായി കാത്തിരിക്കുന്നവൻ: താൻ പാർക്കുന്ന 'ദേശത്തിന്റെരോഗ'ത്തിൽ ആശ്വാസം ലഭിക്കണമെന്നും ആ ദേശം ദൈവത്താൽ സൗഖ്യമാകണമെന്നും പൂർണ്ണഹൃദയത്തോടെ ആഗ്രഹിച്ചവൻ.
4.പരിശുദ്ധാത്മാവും ഉണ്ടായിരുന്നവൻ: വായിൽ വാക്കും ഹൃദയത്തിൽ ആശയവും നിറഞ്ഞാലും ദൈവത്മാവിന്റെ ഇഷ്ടങ്ങൾക്കായി കാത്തിരിക്കുന്നവൻ.

മേൽപ്പറഞ്ഞവിശേഷണങ്ങളിലെ നാലാമത്തെ വിശേഷണത്തിലൂടെ നമുക്കു ചിന്തിക്കാം.

ഒരുമനുഷ്യനിൽ ദൈവാത്മാവ് എന്തിനാണ് കടന്നുവരുന്നത് ? ഒരു സാധാരണ വ്യക്തി യേശുവിനായി/ദൈവത്തിനായി തന്റെ ജീവിതത്തെ വിട്ടുകൊടുക്കുമ്പോൾ, ആ വ്യക്തി ദൈവാരാജ്യത്തിനുടമയായും പാപം മോചിക്കപ്പെട്ടവനായും ദൈവത്തിന്റെ മകനായും/മകളായും തീരുന്നതോടൊപ്പം പരിശുദ്ധാത്മാവെന്ന ദാനം കൂടി പ്രാപിക്കുകയാണ് ചെയ്യുന്നത് .
അപ്പ.പ്രവൃത്തികൾ 2 : 37 - 38
37.**ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു.**
38.**പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും**

അതായതു, പരിശുദ്ധാത്മാവിനെ നമ്മിലേക്ക് അയക്കുന്ന ദൈവം അത് ദാനമായാണ് നൽകുന്നത്. ഈ ദാനമാണ് നാംകാണുന്ന ശിമ്യോനിലുള്ളത്. ശിമ്യോനിൽ മാത്രമല്ല നമ്മിലും ഈ ദാനം ഉണ്ടായേതീരു.

പരിശുദ്ധാത്മാവിനാൽനിറയപ്പെട്ട ശിമയോന് പരിശുദ്ധാത്മാവിന്റെ അരുളപ്പാടും ഉണ്ടായിരുന്നതായി തിരുവചനം സാക്ഷീകരിക്കുന്നുണ്ട്. (വാക്യം 26) അതായതു, പരിശുദ്ധാത്മാവിൽ നിറയപ്പെട്ടു എന്നു അഭിമാനിക്കുന്ന നാം ഓരോരുത്തരും പരിശുദ്ധാത്മാവിനാലുള്ള അരുളപ്പാടുകളും പ്രാപിക്കേണ്ടതായിട്ടുണ്ട്. ഈ അരുളപ്പാടുകൾ ഏതെങ്കിലുമൊരു പ്രേത്യേക വിഭാഗത്തിനോ ആളുകൾക്കോ മാത്രമായി നല്കപ്പെട്ടവയല്ല (നല്കപ്പെട്ടവരിൽ അളവുകൾ വ്യത്യാസപ്പെട്ടേക്കാമെങ്കിലും) ദൈവീക അരുളപ്പാടുകൾ ലഭിക്കേണ്ടതിനായി വാഞ്ചയോടും ആഗ്രഹത്തോടുമായി മടിക്കാതെ പ്രാർത്ഥിക്കുകയത്രേ വേണ്ടത്.

ദൈവാത്മാവിൻറെ അരുളപ്പാടുകൾ കേൾക്കുകമാത്രമല്ല അദ്ദേഹം ചെയ്തത് പ്രത്യുത, അതു വിശ്വസിക്കുകയും അവയുടെ സത്യത്തെ ഉൾക്കൊള്ളുകയും, തനിക്കു ലഭിച്ച അരുളപ്പാടുകളുടെ പൂർത്തീകരണത്തിനായി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്തു.

നമ്മിലേക്കുതന്നേ ഒരു നിമിഷം നോക്കാം, ദൈവത്തിന്റെ അരുളപ്പാടുകൾ ലഭിച്ചവരാണ് നാം എല്ലാവരും. വ്യത്യസ്ത അനുഭവങ്ങളിൽ, വ്യത്യസ്തമായ സാഹചര്യങ്ങളിൽ നാം അവ കേട്ടിട്ടുണ്ട്. എന്നാൽ നമ്മിൽ എത്ര പേർ അതിൽ വിശ്വസിച്ചിട്ടുണ്ട് ? വിശ്വസിച്ചവർ എത്ര പേർ അവയിലെ സത്യത്തെ ഉൾക്കൊണ്ടിട്ടുണ്ട് ? അപ്രകാരം ഉൾകൊണ്ടവരിൽ എത്രപേർ അവയുടെ പൂർത്തീകരണത്തിനായി ക്ഷമയോടെ കാത്തിരുന്നിട്ടുണ്ട് ?

ഒരു ചെടി മണ്ണിൽ വളരുവാൻ അനേകം ഘട്ടങ്ങൾ ഉള്ളതുപോലെ ദൈവീക അരുളപ്പാടുകളുടെ പൂർത്തീകരണത്തിലും അനേകം ഘട്ടങ്ങളുണ്ട് എന്ന് നാം മനസ്സിലാക്കേണ്ടതായുണ്ട്. അത് മനസ്സിലാക്കിയ ദൈവദാസനായിരുന്നു ശിമയോൻ.

നോക്കൂ, ഹൃദയത്തിൽ ക്രിസ്തുവിശ്വാസം ഉള്ളവരിൽ കാത്തിരിക്കുവാനുള്ള ക്ഷമയും ദൈവം നല്കിയിട്ടുണ്ടാവും. അവിശ്വാസം പേറുന്നവരിൽ ക്ഷമയും ദൈവത്തോടുള്ള തീഷ്ണതയും നാമ മാത്രമായിരിക്കും. ഇവിടെ ശിമയോൻ ക്ഷമയുള്ളവനാണെന്നു തന്റെ കാത്തിരുപ്പിനാൽ വ്യകതമാവുന്നു. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട നമ്മളിൽ ദൈവീക ഇഷ്ടങ്ങളുടെ നിവൃത്തിക്കായുള്ള കാത്തിരിപ്പ്, ക്ഷമയെ ജനിപ്പിക്കുവാൻ നാം പ്രാർത്ഥിക്കേണ്ടതാവുന്നു. ദൈവത്തോടുള്ള നമ്മുടെ സ്നേഹം വർദ്ധിക്കുമ്പോഴും ആ സ്നേഹം വിശ്വസ്തതയെ പരിപോഷിപ്പിക്കുകയും അപ്രകാരം ദൈവീക അരുളപ്പാടുകളുടെ നിവൃത്തിക്കായി നമ്മെ കാത്തിരിക്കുവാൻ ഒരുക്കുകയും ചെയ്യുന്നു.

ശിമ്യോൻറെ ജീവിതത്തിൽ ആലയത്തിലേക്കുള്ള അന്നേ ദിവസത്തെ യാത്ര ആരംഭിക്കുന്നത് തനിക്കു ദൈവത്തിങ്കൽനിന്നും ലഭിച്ച അരുളപ്പാടുകളുടെ വെളിച്ചത്തിൽ നിന്നായിരുന്നു. ദൈവീക അരുളപ്പാടുകളുടെ വെളിച്ചം നമ്മെ ദൈവ മുഖത്തേക്കായിരിക്കും എപ്പോഴും നടത്തുന്നത്. നമ്മുടെ ചുറ്റുപാടുകളിൽനിന്നും സമൂഹ മാധ്യമങ്ങളിൽനിന്നും പുസ്തകങ്ങളിൽനിന്നും ഇന്ന് നമുക്കു അനേകം തത്വചിന്തകൾ ലഭിച്ചേക്കാം. ഒറ്റനോട്ടത്തിൽ നല്ലതെന്നോ വിശേഷതയുള്ളതെന്നോ തോന്നിപ്പിച്ചേക്കാവുന്ന ഈ തത്വചിന്തകൾ പക്ഷേ ഒരിക്കലും നമ്മെ ദൈവമുഖത്തേക്കു എത്തിക്കുകയില്ല. ഏതോ ചിന്തകളുടെ മായയിൽതുടങ്ങി മായയിൽ അവസാനിക്കുന്ന ഇത്തരം തത്വസംഹിതകൾ ജീവനില്ലാത്ത വസ്ത്രങ്ങൾ മാത്രമാണ്. ഇവ വേഗത്തിൽ മുഷിഞ്ഞുപോവുകയും മണ്ണിലേക്ക് അലിഞ്ഞുചേരുകയുംചെയ്യും. എന്നാൽ, ദൈവീക അരുളപ്പാടുകൾ ജീവനുള്ളവയും ജീവൻ നിലനിർത്തുകയും ചെയ്യുന്നവയാണ്. കാരണം ആ അരുളപ്പാടുകൾ ഉരുവായിത്തീർന്നതു ക്രിസ്തുവിന്റെ ജീവനിലൂടെയാണ്. ആ വസ്ത്രം പഴകിപ്പോവുന്നതല്ല, ജീർണ്ണിക്കുന്നതല്ല പ്രത്യുത നാൾക്കുനാൾ നമ്മെ പുതുക്കം പ്രാപിക്കുവാൻ ഒരുക്കുന്നവയാണ്.

അങ്ങനെ ദൈവീക അരുളപ്പാടിനെ സ്നേഹിച്ച ആ ശിമയോൻ ആലയത്തിലേക്കു കടന്നുചെല്ലുന്നു. താൻ യാന്ത്രികമായാണ് ചിലത് ചെയ്യുവാനും പറയുവാനും പോവുന്നത് (വാക്യം 28 – 35). എന്നാൽ ആ യാന്ത്രികതയുടെ പിന്നിലെ ചാലകശക്തി ദൈവാത്മാവിൻറെ നിയോഗമാണ്.

യോഹന്നാൻ 3 :8
കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു" എന്നു ഉത്തരം പറഞ്ഞു.

യാഥാർഥ്യമെന്താണെന്നുവച്ചാൽ, നമുക്ക് ആത്മാവിനാലുള്ള ജനനമുണ്ട് എന്നാൽ ജീവിതമില്ല. ദൈവം നമ്മുടെ വീണ്ടും ജനനത്തെ നോക്കുന്നുവെന്നു നമുക്ക് ബോധ്യമുണ്ടെങ്കിൽ നമ്മുടെ ജീവിതത്തെയും അവൻ നോക്കുന്നുവെന്നു നാം തിരിച്ചറിയേണ്ടുന്നതായുണ്ട്.
നാമും ചിലപ്പോഴൊക്കെ യാന്ത്രികമായി പെരുമാറാറുണ്ട്, എന്നാൽ അത് ദൈവാത്മാവിന്റെ നിയോഗങ്ങളാലല്ല എന്നു മാത്രം. ദൈവാത്മാവിന്റെ നടത്തിപ്പുകളിലെ യാന്ത്രികത വിശ്വസ്തർക്കു ശോഭയാണ്.

ശിമ്യോൻറെ ആലയയാത്ര, അലങ്കാരങ്ങളൊട്ടും ആവശ്യമില്ലാത്ത അതിശ്രേഷ്ഠമായ ദൈവീക നിയോഗങ്ങളുടെ പൂർത്തീകരണമായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥയോ, അന്നുവരെ ഉറവിടാത്ത വാക്കുകളുടെ ചേർത്തുവയ്ക്കലായിരുന്നു.

ജീവിതത്തിന്റെ ഓരോ മിനിറ്റും നാം ഉപയോഗിച്ചു തീർത്തുകൊണ്ടിരിക്കുന്നു. നമ്മുടെ നാളുകൾ ചുരുങ്ങികൊണ്ടിരിക്കുന്നു. ദൈവീക അരുളപ്പാടുകൾ കൈവശമുള്ളവരായാണോ നാം ആയിരിക്കുന്നത് ? ശിമയോനെപ്പോലെ പരിശുദ്ധാത്മ നിയോഗങ്ങളിലൂടെ ദിനംതോറും ചലിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ ?ആത്മശക്തിയോടും ദൈവീക ഇഷ്ടത്തോടും പ്രാർത്ഥിക്കുവാൻ നമുക്കിന്നു കഴിഞ്ഞിട്ടുണ്ടോ ?

ദൈവസന്നിധിയിൽ നമുക്കു പ്രാർത്ഥിക്കാം. ഈ കാലഘട്ടത്തിലെ ശിമ്യോൻമാരായി നമുക്കു മാറുവാൻ കഴിയും. ഓർക്കുക, പരിശുദ്ധാത്മാവെന്ന ദാനം ലഭിച്ചവരാണ് നാം ഓരോരുത്തരും. ദൈവം നമ്മെ ഒരുനാളും അനാഥരായി വിടുകയില്ല. എല്ലാ ആത്മീയ നിയോഗങ്ങളും നിങ്ങളുടെമേൽ സർവശക്തനായ ദൈവം വർഷിക്കുമാറാകട്ടെ.

-ജിബി തോമസ്

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL